(ബി) പ്രസ്തുത ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ഇരിണാവ് ആയുർവ്വേദ ആശുപത്രിയിൽ നിലവിലുള്ള 10 തസ്തികകളിൽ 2 എണ്ണം ഒഴിഞ്ഞു കിടക്കുന്നു. 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തിയ ടി ആശുപത്രിയിൽ 9 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനുള്ള ശുപാർശ ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) നിലവിലുള്ള ആശുപത്രി കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനും അടിസ്ഥാന സൗകര്യ വിപുലീകരണത്തിനും ആവശ്യമായ എസ്റ്റിമേറ്റ് അയച്ചുതരുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

നെയ്യാറ്റിൻകര ആയുർവ്വേദ കേന്ദ്രത്തിന് സബ് സെന്റർ

88 (8148) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും ആയുർവ്വേദ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ആയുർവ്വേദ സെന്ററുകൾക്ക് താലൂക്കിലെ മറ്റു സ്ഥലങ്ങളിൽ സബ്സെന്ററുകൾ അനുവദിക്കാറുണ്ടോ ;

(സി) ഇത്തരത്തിൽ എത്ര സബ്സെന്ററുകൾ ജില്ലയിലാകെ പ്രവർത്തിക്കുന്നുണ്ട് ;

(ഡി) നെയ്യാറ്റിൻകര ആയുർവ്വേദ കേന്ദ്രത്തിന് സബ് സെന്റർ അനുവദിക്കണമെന്ന നഗരസഭയുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ എവിടെ സബ് സെന്റർ സ്ഥാപിക്കണമെന്നാണ് നഗരസഭ ആവശ്യപ്പെട്ടിട്ടുള്ളത്; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ ;

(എഫ്) ഇതുമായി ബന്ധപ്പെട്ട് പുന്നയ്ക്കാട് പ്രദേശത്തെ നാട്ടുകാരുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ; പ്രസ്തുത നിവേദനത്തിലെ ആവശ്യം എന്തായിരുന്നുവെന്ന് അറിയിക്കുമോ ;ആവശ്യത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്.

(സി) 2 എണ്ണം.

(ഡി) ഉണ്ട്.

(ഇ) നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ കീഴിൽ വരുന്ന പുന്നയ്ക്കാട്, മാമ്പഴക്കര എന്നീ രണ്ട് വാർഡുകളിൽ സബ് സെന്ററുകൾ സ്ഥാപിക്കണ മെന്നാണ് നഗരസഭ ആവശ്യപ്പെട്ടിരിക്കുന്നത്. പുന്നയ്ക്കാട് സബ് സെന്റർ ആരംഭി ക്കാനുദ്ദേശിക്കുന്ന സ്ഥലം ജില്ലാ മെഡിക്കൽ ഓഫീസർ സന്ദർശിക്കുകയുണ്ടാ യെങ്കിലും സബ്സെന്റർ അനുവദിക്കുന്നതിനെച്ചൊല്ലി അഭിപ്രായവ്യത്യാസം നിലനിൽക്കുന്നുണ്ടെന്ന മുനിസിപ്പൽ ചെയർമാന്റെ അറിയിപ്പിന്റെ അടിസ്ഥാന ത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ മടങ്ങിപ്പോകുകയുണ്ടായി. മാമ്പഴക്കര വാർഡിൽ സബ്സെന്റർ ആരംഭിക്കണമെന്ന ആവശ്യം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) നിവേദനം ലഭിച്ചിട്ടില്ല.

ഭാരതീയ ചികിത്സാ വകുപ്പിൽ ഫാർമസിസ്റ്റുമാരുടെ ഒഴിവുകൾ

89 (8149) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഭാരതീയ ചികിത്സാ വകുപ്പിൽ ഫാർമസിസ്റ്റുമാരുടെ എത്ര ഒഴിവുകളു ണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ ഒഴിവുണ്ടെന്ന് വിശദ മാക്കാമോ ;

(സി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly